ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 25.12.2024** | **പ്രധാന വാർത്തകൾ** | **TIME : 07.25 PM**

1. പ്രധാൻമന്ത്രി രാഷ്ട്രീയ ബാല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും.
   **President Droupadi Murmu will confer the 'Pradhan Mantri Rashtriya Bal Puraskar' on 17 children for exceptional achievements in seven categories in New Delhi tomorrow.**
2. ഇന്ന് ദേശീയ സദ്ഭരണ ദിനം; സദ്ഭരണം സർക്കാരിൻറെ മുഖമുദ്രയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
   **Today is National Good Governance Day; Prime Minister Narendra Modi has said that good governance is the hallmark of the government.**
3. തിരുപ്പിറവിയുടെ സ്മരണയിൽ ലോകം ക്രിസ്മസ് ആഘോഷിക്കുന്നു; കേരളത്തിന് ക്രിസ്മസ് സമ്മാനമായി വിഴിഞ്ഞത്ത് നൂറാമത്തെ കപ്പലെത്തി.
   **The world celebrates Christmas; the 100th ship arrived in Vizhinjam as a Christmas gift to Kerala.**
4. തങ്കയങ്കി ചാർത്തിയുള്ള ദീപാരാധനയിൽ ഭക്തിസാന്ദ്രമായി സന്നിധാനം; മണ്ഡലപൂജ നാളെ.
   **Sabarimala All Set For 'Mandala Pooja' tomorrow ; today the "thanka anki," the sacred attire, draped on the idol of the presiding deity before the 'aarathi.'**
5. കസാക്കിസ്ഥാനിൽ യാത്രാവിമാനം തകർന്ന് നിരവധി പേർ മരിച്ചു.
   **In Kazakhstan, dozens of people have died after a passenger plane crashed.**
6. ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ-ഗാവസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റിന് നാളെ മെൽബണിൽ തുടക്കം.
   **In Cricket, India will take on Australia in the fourth Test of the Border-Gavaskar Trophy at Melbourne tomorrow.**

&&&&&&&&&&&&&&&&

## PRESIDENT - BAL PURASKAR

പ്രധാൻമന്ത്രി രാഷ്ട്രീയ ബാല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു നാളെ ന്യൂഡൽഹിയിൽ സമ്മാനിക്കും. ഈ വർഷം 14 സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും നിന്നായി 17 കുട്ടികളാണ് വിവിധ മേഖലകളിലെ അതുല്യ സംഭാവനകൾക്കുള്ള പ്രധാനമന്ത്രിയുടെ ബാലപുരസ്ക്കാരത്തിന് അർഹരായത്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നാളെ നടക്കുന്ന പരിപാടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും. പരിപാടിയിൽ പോഷകാഹാര സേവനങ്ങളുമായി ബന്ധപ്പെട്ട 'സുപോഷിത് ഗ്രാമപഞ്ചായത്ത് അഭിയാൻ' പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. പരിപാടിയിൽ പ്രധാൻമന്ത്രി രാഷ്ട്രീയ ബാല പുരസ്കാര ജേതാക്കളും പങ്കെടുക്കും. ബാല മനസ്സുകളിൽ ഈ ദിനത്തിൻ്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം പ്രോത്സാഹിപ്പിക്കുന്നതിനും രാജ്യത്തോടുള്ള ധീരതയുടെയും സമർപ്പണത്തിൻ്റെയും സംസ്ക്കാരം വളർത്തിയെടുക്കുന്നതിനുമായി ഇതോടനുബന്ധിച്ച് രാജ്യത്തുടനീളം വിവിധ പരിപാടികൾ സംഘടിപ്പിക്കും.

&&&&&&&&&&&&&&&&

## ATAL BIHARI VAJPAYEE-BIRTH CENTENARY

ഇന്ന് സദ്ഭരണ ദിനം. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ ജന്മവാർഷികത്തോട് അനുബന്ധിച്ചാണ് ദിനാചരണം. 1924 ഡിസംബർ 25 ന് ഗ്വാളിയോറിൽ ജനിച്ച വാജ്പേയി വിവിധ നിലകളിൽ ശോഭിച്ചു. വാജ്പേയിയുടെ നേതൃത്വത്തിലാണ് ഇന്ത്യ 1998-ൽ പൊഖ്റാൻ-II ആണവപരീക്ഷണം വിജയകരമായി നടത്തിയത്. 2015-ൽ ഭാരതരത്ന നൽകി രാജ്യം വാജ്പേയിയെ ആദരിച്ചു.

&&&&&&&&&&&&&&&&

## DAY PM - MADHYA PRADESH (INTRO)

സദ്ഭരണം കേവലം ഏകദിന പരിപാടിയല്ല മറിച്ച് സർക്കാരിൻറെ മുഖമുദ്രയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. മധ്യപ്രദേശിലെ ഖജുരാവോയിൽ വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സദ്ഭരണവും ജനങ്ങളോടുള്ള ആത്മസമർപ്പണവും മുൻനിർത്തി കഠിനാധ്വാനത്തോടെയാണ് കേന്ദ്രം മുന്നേറു ന്നതെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

സദ് ഭരണത്തിനും സദ് സേവനത്തിനുമുള്ള ഏവരുടേയും പ്രചോദനമാണ് മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി എന്നും ശ്രീ മോദി പറഞ്ഞു. വാജ്പേയിയുടെ സ്മരണയ്ക്കായി സ്റ്റാമ്പും നാണയവും പ്രധാനമന്ത്രി പുറത്തിറക്കി.

&&&&&&&&&&&&&&&&

## JITENDRA SINGH – PANCHAYAT

സദ്ഭരണ ദിനമായ ഇന്ന് വികസിത് പഞ്ചായത്ത് കർമ്മയോഗി സംരംഭത്തിന് തുടക്കം കുറിച്ച് കേന്ദ്രസഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്. ഫലപ്രദമായ ഭരണത്തിന് ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും സജ്ജരാക്കി കൊണ്ട്, പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ ശേഷിയും കഴിവും വർധിപ്പിക്കുകയാണ് സംരംഭം ലക്ഷ്യമിടുന്നത്. ദീർഘകാലം നിലനിൽക്കുന്നതും അർത്ഥവത്തായതുമായ മാറ്റം കൊണ്ടുവരാൻ ഭരണപരിഷ്ക്കാരങ്ങൾ താഴെത്തട്ടിൽ നിന്ന് ആരംഭിക്കണമെന്ന് ഡോ. ജിതേന്ദ്ര സിംഗ് പറഞ്ഞു.

&&&&&&&&&&&&&&&&

## REV SHAH – AGRICULTURE COOPERATIVE (INTRO)

സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്ക് കേന്ദ്രസർക്കാർ കൂടുതൽ കരുത്ത് പകരുകയാണെന്ന് കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ. പുതുതായി സ്ഥാപിതമായ പതിനായിരത്തിലധികം വിവിധോദ്ദേശ്യ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ,

ക്ഷീര -മത്സ്യ വിഭവ സഹകരണ സംഘങ്ങൾ എന്നിവ രാജ്യത്തിന് സമർപ്പിക്കുകയായിരുന്നു അദ്ദേഹം.

(വോയ്സ്)

&&&&&&&&&&&&&&&&

## SHAH – CRPF

രാജ്യത്തെ ആഭ്യന്തര സുരക്ഷയും സമാധാനവും ഉറപ്പാക്കുന്നതിൽ CRPF പ്രധാന പങ്കുവഹിക്കുന്നുണ്ടെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ CRPF-ൻ്റെ പ്രവർത്തനം അവലോകനം ചെയ്യുകയായിരുന്നു അദ്ദേഹം. നക്സലിസത്തെ നേരിടുന്നതിനൊപ്പം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ജമ്മു കശ്മീരിലും സമാധാനം പുനഃസ്ഥാപിക്കുന്നതിലും കേന്ദ്ര സായുധ അർദ്ധസൈനിക സേന പ്രശംസനീയമായ പ്രവർത്തനം നടത്തിവരുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## EARLY – PM SVAMITVA

SVAMITVA പദ്ധതിക്ക് കീഴിലുള്ള 58 ലക്ഷം പ്രോപ്പർട്ടി കാർഡുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി വെള്ളിയാഴ്ച വിതരണം ചെയ്യും. പദ്ധതിഗുണഭോക്താക്കളുമായി സംവദിക്കുന്ന ശ്രീ മോദി, ഓരോ വസ്തു ഉടമയ്ക്കും അവകാശരേഖ കൈമാറും. ഭൂവുടമകൾക്ക് വസ്തുവിൻറെ ഈടിന്മേൽ വായ്പകൾ സാധ്യമാക്കാനും സ്വത്തുതർക്കങ്ങൾ കുറയ്ക്കാനും പദ്ധതി സഹായിക്കും.

&&&&&&&&&&&&&&&&

## CHRISTMAS

തിരുപ്പിറവിയുടെ സ്മരണയിൽ ലോകം ക്രിസ്മസ് ആഘോഷത്തിൽ. വത്തിക്കാനിൽ ക്രിസ്മസ് കുർബാനയ്ക്കിടെ ഫ്രാൻസിസ് മാർപാപ്പ സെൻറ് പീറ്റേഴ്സ് ബസിലിക്കയിലെ വിശുദ്ധ കവാടം തുറന്നതോടെ കത്തോലിക്ക സഭയുടെ

ജൂബിലി ആഘോഷങ്ങൾക്കും തുടക്കമായി. കേരളത്തിലും ക്രിസ്മസ് വിപുലമായി ആഘോഷിക്കുകയാണ്. ക്രൈസ്തവ ദേവാലയങ്ങളിൽ നടന്ന പതിരാ കുർബാനകളിലും തിരുപ്പിറവി ചടങ്ങുകളിലും വിശ്വാസികൾക്കൊപ്പം പ്രമുഖ നേതാക്കളും പങ്കെടുത്തു.

&&&&&&&&&&&&&&&&

## CHRISTMAS-GREETINGS

രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ജനങ്ങൾക്ക് ക്രിസ്മസ് ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&

## MSC MICHELA - VIZHINJAM

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് നൂറാമത്തെ കപ്പൽ MSC മിഷേല എത്തി. ഉച്ചയ്ക്ക് ഒന്നരയോടെയാണ് കപ്പൽ ബർത്തിങ് പൂർത്തിയാക്കിയത്. കപ്പലിൻറെ വരവ് അഭിമാനകരമാണെന്നും,4 മാസത്തെ ട്രയൽ റണ്ണിന് ശേഷം കൊമേഴ്സ്യൽ ഓപ്പറേഷൻസ് വിഴിഞ്ഞത്ത് ആരംഭിച്ചതായും തുറമുഖ മന്ത്രി വി എൻ വാസവൻ അറിയിച്ചു.

&&&&&&&&&&&&&&&&

## SABARIMALA (INTRO)

ഭക്തി സാന്ദ്രമായി സന്നിധാനം.സന്നിധാനത്ത് തങ്കഅങ്കി ചാർത്തി ദീപാരാധന നടന്നു. നാളെ ഉച്ചയ്ക്ക് മണ്ഡലപൂജയും നടക്കും.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.

(വോയ്സ്)

&&&&&&&&&&&&&&&&

## KAZAKHSTAN PLANE-CRASH

കസാക്കിസ്ഥാനിലെ അക്തൗ വിമാനത്താവളത്തിന് സമീപം യാത്രാവിമാനം തകർന്ന് നിരവധി പേർ മരിച്ചു. അപകടത്തിൽ 30-ലധികം പേർക്ക് ഗുരുതരമായി പരിക്കേറ്റതായാണ് വിവരം. ഔദ്യോഗിക കണക്കനുസരിച്ച് 62 യാത്രക്കാരും അഞ്ച് ജീവനക്കാരുമായി അസർബൈജാനിലെ ബാക്കുവിൽ നിന്ന് റഷ്യയിലേക്ക് പോവുകയായിരുന്ന അസർബൈജാൻ എയർലൈൻസിൻ്റെ വിമാനമാണ് അപകടത്തിൽപ്പെട്ടത്. മൂടൽമഞ്ഞ് കാരണം തിരിച്ചുവിട്ട വിമാനത്തിന് ലാൻറ് ചെയ്യുന്നതിനിടെ തീപിടിക്കുകയായിരുന്നു. യാത്രക്കാരിലധികവും അസർബൈജാൻ പൗരൻമാരാണ്. സംഭവത്തിൽ അസർബൈജാനും കസാഖിസ്ഥാനും അന്വേഷണം തുടങ്ങി.

&&&&&&&&&&&&&&&&

## UTTARAKHAND ACCIDENT

ഉത്തരാഖണ്ഡിൽ നൈനിറ്റാൾ ജില്ലയിലെ ഭീംതാലിൽ ഉണ്ടായ ബസ്സ് അപകടത്തിൽ 4 പേർ മരിച്ചു. 28 പേരുമായി പിത്തോർഗറിൽ നിന്ന് ഹൽദ്വാനിലേക്ക് പോവുകയായിരുന്ന ബസാണ് അപകടത്തിൽ പെട്ടത്. പരിക്കേറ്റ 24 പേരിൽ 21 പേരുടെയും നില ഗുരുതരമാണ്.

&&&&&&&&&&&&&&&&

## CRICKET-IND-AUS

ഇന്ത്യ -ഓസ്ട്രേലിയ ബോർഡർ-ഗാവസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റ് നാളെ മെൽബണിൽ ആരംഭിക്കും. ഇന്ത്യൻ സമയം പുലർച്ചെ അഞ്ച് മണിക്കാണ് മത്സരം . അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇരു ടീമുകളും ഓരോ മത്സരം വീതം ജയിച്ചു.

&&&&&&&&&&&&&&&&

## SANTOSH TROPHY - QF

78-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ നാളെ നടക്കുന്ന ക്വാർട്ടർ ഫൈനൽ മത്സരങ്ങളിൽ ഒഡീഷ പശ്ചിമ ബംഗാളിനെയും, ഡൽഹി മണിപ്പൂരിനെയും നേരിടും . മറ്റന്നാൾ മേഘാലയ നിലവിലെ ചാമ്പ്യന്മാരായ സർവീസസിനെയും കേരളം ജമ്മു കശ്മീരിനെ നേരിടും.

&&&&&&&&&&&&&&&&

## NDA LEADER - MEETING

എൻഡിഎ നേതൃയോഗം ന്യൂഡൽഹിയിൽ ചേർന്നു. കേന്ദ്രമന്ത്രിയും ബിജെപി ദേശീയ അധ്യക്ഷനുമായ ജെപി നഡ്ഡയുടെ വസതിയിൽ ചേർന്ന യോഗത്തിൽ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ ചന്ദ്രബാബു നായിഡു, കേന്ദ്ര മന്ത്രിമാരായ അമിത് ഷാ, റാം മോഹൻ നായിഡു കിഞ്ജരാപ്പു, എച്ച് ഡി കുമാരസ്വാമി, രാജീവ് രഞ്ജൻ സിംഗ്, അനുപ്രിയ പട്ടേൽ തുടങ്ങിയവർ പങ്കെടുത്തു. സഖ്യകക്ഷികൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുക എന്നതായിരുന്നു യോഗത്തിൻ്റെ ലക്ഷ്യം.

&&&&&&&&&&&&&&&&

## EPFO- MEMBERS

ഈ വർഷം ഒക്ടോബർ വരെയുള്ള കണക്കുകൾ പ്രകാരം 13 ലക്ഷത്തി 41000 പേർ, എംപ്ലോയീസ് പ്രൊവിഡൻ്റ് ഫണ്ട് ഓർഗനൈസേഷനിൽ രജിസ്റ്റർ ചെയ്തതായി കേന്ദ്ര തൊഴിൽ മന്ത്രാലയം. വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ, ജീവനക്കാരുടെ ആനുകൂല്യങ്ങളെക്കുറിച്ചുള്ള അവബോധം എന്നിവയാണ് ഈ കുതിപ്പിന് പിന്നിലെന്ന് മന്ത്രാലയം അറിയിച്ചു. ഈ ഒക്ടോബറിൽ മാത്രം 7 ലക്ഷത്തി 50,000 പേർ പുതുതായി ഇപിഎഫ്ഒ യുടെ ഭാഗമായതായും സ്ഥിരീകരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## DELHI–POLLUTION

ഡൽഹിയിലെ വായുഗുണനിലവാരം ഗുരുതരമായി തുടരുന്നു. ഇന്ന് ഉച്ചയോടെ വായു ഗുണനിലവാര സൂചിക 337 ലെത്തി. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിൻ്റെ കണക്കനുസരിച്ച്, നഗരത്തിലെ ചില പ്രദേശങ്ങളിൽ വായു ഗുണ നിലവാരം 350 കടന്നിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&